"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ മംഗലം ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. കെ.പി. ദിലീപ് കുമാറിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.148/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 20/01/2021**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.12.2011-ലെ സി3(വിസി6/10 എംപിഎം) 23334/2010 നമ്പർ റിപ്പോർട്ട്

2 സർക്കാരിന്റെ 07.05.2012-ലെ 6816/ഇപിബി3/2012/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. കെ.പി. ദിലീപ് കുമാർ സമർപ്പിച്ച 23.06.2012-ലെ പ്രതിവാദ പത്രിക

4 സ.ഉ.(സാധാ) നം.1489/2014/തസ്വഭവ തീയതി 11.6.2014 നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ മംഗലം ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥൻ പഞ്ചായത്ത് രേഖകളിൽ കൃത്രിമം കാട്ടുകയും കെട്ടിട നികുതി അധികമായി വാങ്ങി കൈക്കൂലിയായി 10000/- രൂപ ആവശ്യപ്പെട്ടു എന്നുമുള്ള ശ്രീ. മുഹമ്മദ് കബീറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മംഗലം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ച അന്വേഷണത്തിൽ പരാതിക്കാരൻ നിർമ്മിച്ച കെട്ടിടത്തിന്റെ കെട്ടിട നികുതി വിലയിരുത്തിയതിൽ വിവേചനം ഉണ്ടായിട്ടുണ്ടെന്നു കണ്ടെത്തുകയുണ്ടായി. കെട്ടിടത്തിന്റെ വാർഷിക വാടക മൂല്യത്തെ അടിസ്ഥാനമാക്കിയാണ് നികുതി വിലയിരുത്തിയതെന്നും എന്നാൽ പ്രസ്തുത നടപടിക്രമം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഉപേക്ഷിച്ചതാണെന്നും കണ്ടെത്തുകയുണ്ടായി. ആയതിനാൽ പരാതിക്കാരനായ ശ്രീ. മുഹമ്മദ് കബീറിനോട് മംഗലം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കായിരുന്ന ശ്രീ. കെ.പി. ദിലീപ് കുമാർ വിവേചനപരമായി പെരുമാറിയെന്നും പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് ഉയർന്ന നികുതി നിരക്ക് വിലയിരുത്തുകയും ചെയ്തു എന്ന വസ്തുത അന്വേഷണത്തിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ടെന്നും യാതൊരു ന്യായീകരണവുമില്ലാതെ ശ്രീ. കെ.പി. ദിലീപ് കുമാർ പഞ്ചായത്ത് തീരുമാനം ലംഘിച്ചുവെന്നും കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ശ്രീ. കെ.പി. ദിലീപ് കുമാറിനെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ. ദിലീപ് കുമാർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ സമാനമായ വിഷയത്തിൽ 26658/ഇപിബി3/2011/തസ്വഭവ എന്ന ഫയലിൽ ടിയാനെതിരായ അച്ചടക്ക നടപടി സ.ഉ.(സാധാ) നം.1489/2014/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുണ്ടെന്നും ആയതിനാൽ അതേ വിഷയത്തിൽ വീണ്ടും അച്ചടക്കനടപടി സ്വീകരിക്കുന്നത് നിലനിൽക്കുന്നതല്ല എന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ. കെ.പി. ദിലീപ് കുമാറിനെതിരെ 26658/ഇപിബി3/2011/തസ്വഭവ

എന്ന ഫയലിൽ അച്ചടക്ക നടപടി സ്വീകരിച്ച് വന്നിട്ടുള്ളതും തുടർന്ന് പരാമർശം (4) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമായി കാണുന്നു. മേൽ സാഹചര്യത്തിൽ ഈ ഫയലിൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്നുകണ്ട് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. കെ.പി. ദിലീപ് കുമാർ, മുൻ യു.ഡി. ക്ലാർക്ക്, മംഗലം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/118/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.01.20 12:43:15 IST
Reason: Approved

സെക്ഷൻ ഓഫീസർ